# ഭാരതീയ ന്യായ സംഹിത, 2023
# SI SPECIAL TOPICS
BAIJU MS

- ഭാരതീയ നാഗരിക സുരക്ഷാസംഹിത, 2023 പ്രകാരം സമൻസ്കൈപ്പറ്റേണ്ടവ്യക്തിയെ കണ്ടെത്താൻ കഴിയാത്ത സാഹചര്യത്തിൽ, പകരം സമൻസ് കൈപ്പറ്റാവുന്നത് ആർക്ക്?
  A)അദ്ദേഹത്തോടൊപ്പം താമസിക്കുന്ന കുടുംബത്തിലെ പ്രായപൂർത്തിയായ പുരുഷ അംഗത്തിന്
  B) അദ്ദേഹത്തോടൊപ്പം താമസിക്കുന്ന കുടുംബത്തിലെ പ്രായപൂർത്തിയായ അംഗത്തിന്
  C) അദ്ദേഹത്തോടൊപ്പം താമസിക്കുന്ന വേലക്കാരൻ ഉൾപ്പെടെ ഏതൊരു വ്യക്തിക്കും
  D) മറ്റാർക്കും കൈപ്പറ്റാൻ സാധിക്കില്ല

- ഭാരതീയ നാഗരിക് സുരക്ഷാ സംഹിത 2023 ലെ സെക്ഷൻ 40(1) അനുസരിച്ച് ഒരു സ്വകാര്യ വ്യക്തിയാൽ അറസ്റ്റ് ചെയ്യപ്പെട്ട ആളെ എത്ര സമയപരിധിക്കുള്ളിൽ പോലീസ് ഉദ്യോഗസ്ഥന് കൈമാറണം?
  A) 6 മണിക്കൂറിനുള്ളിൽ
  B) 12 മണിക്കൂറിനുള്ളിൽ
  C) 24 മണിക്കൂറിനുള്ളിൽ
  D) ഇവയൊന്നുമല്ല

- ഒരു കുറ്റിക്കാടിന് പിന്നിലാണ് Z ഉള്ളതെന്ന് A -ക്ക് അറിയാം, എന്നാൽ B -ക്ക് അത് അറിയില്ല. Z മരണപ്പെടണം എന്ന ഉദ്ദേശത്താൽ B -യെക്കൊണ്ട് A ആ കുറ്റിക്കാട്ടിലേക്ക് വെടിവെപ്പിക്കുകയും ഇതുമൂലം Z മരണപ്പെടുകയും ചെയ്യുന്നു. താഴെ പറയുന്നവയിൽ ശരിയായത് ഏത്?

A) B കൊലപാതക കുറ്റം ചെയ്തു
B) B കുറ്റമൊന്നും ചെയ്തിട്ടില്ല, A കുറ്റകരമായ നരഹത്യ ചെയ്തു (Culpable

Homicide)

C) A യും B കുറ്റകരമായ നരഹത്യക്ക് ഉത്തരവാദിയാണ്.

D) A കുറ്റമൊന്നും ചെയ്തിട്ടില്ല , B കുറ്റകരമായ നരഹത്യ ചെയ്തു (Culpable Homicide)

- തിരക്കേറിയ ഒരു തെരുവിൽ വെച്ച് B യുടെ കൈയിൽ നിന്ന് A വേഗത്തിൽ ഒരു മൊബൈൽ ഫോൺ തട്ടിയെടുത്ത് ഓടിപ്പോകുന്നു. ഭാരതീയ ന്യായ സംഹിത, 2023 പ്രകാരം ഈ കുറ്റകൃത്യം ഏത്?

  A) മോഷണം (Theft)

  B) അപഹരിക്കൽ (Extortion)

  C) സ്നാച്ചിംഗ് (Snatching)

  D) കവർച്ച (Robbery)

- പോലീസ് കസ്റ്റഡിയിലെ പ്രതി കുറ്റസമ്മതം നടത്തുന്നു. ഇതുമായി ബന്ധപ്പെട്ട ശരിയായ പ്രസ്താവന ഏത്?

A) ഈ കുറ്റസമ്മതം ഒരു സാഹചര്യത്തിലും തെളിവായി സ്വീകാര്യമല്ല.

B) മുതിർന്ന പോലീസ് ഉദ്യോഗസ്ഥന് മുൻപാകെയാണ് കുറ്റസമ്മതം നടത്തേണ്ടത്

C) കുറ്റസമ്മതം പോലീസ് നിർബന്ധമായും വീഡിയോ ചിത്രീകരിക്കണം

D) ഈ കുറ്റസമ്മതം മജിസ്ട്രേറ്റിന്റെ സാന്നിധ്യത്തിൽ വെച്ചാണെങ്കിൽ അത് പ്രതിക്കെതിരെ തെളിയിക്കാവുന്നതാണ്

- BNSS ഏതു അധ്യായമാണ് ക്രമസമാധാനവും ശാന്തതയും നിലനിർത്തലിനെ കുറിച്ച് വിശദീകരിക്കുന്നത്.

  (A) അധ്യായം X

  (B) അധ്യായം XI

(C) അധ്യായം IX
(D) അധ്യായം XII

- ഭാരതീയ സാക്ഷ്യ അധിനിയം പ്രകാരം കാരിക്കേച്ചർ ഒരു :
(A) രേഖയാണ്
(B) രേഖയല്ല
(C) അഭിപ്രായം ആണ്
(D) പ്രമാണമാണ്

- ഒരു ഗ്രാമത്തിന്റെ കാര്യങ്ങളുമായി ബന്ധപ്പെട്ട് നിയമിക്കപ്പെട്ടിരിക്കുന്ന ഓരോ ഉദ്യോഗസ്ഥനും അടുത്തുള്ള മജിസ്ട്രേറ്റിനെയോ അടുത്തുള്ള പോലീസ് സ്റ്റേഷന്റെ ചുമതലയുള്ള ഉദ്യോഗസ്ഥനെയോ താഴെ പറയുന്ന ചില വസ്തുതകളെ പറ്റി അറിയിക്കേണ്ടതാണ് :
x. മോഷ്ടിച്ച വസ്തുക്കൾ വാങ്ങുകയോ വിൽക്കുകയോ ചെയ്യുന്ന കുപ്രസിദ്ധ വ്യക്തിയുടെ ഗ്രാമത്തിനകത്തോ അടുത്തോ ഉള്ള സ്ഥിരമോ താല്ക്കാലികമോ ആയ താമസ സ്ഥലം

y. ഗ്രാമത്തിലോ സമീപത്തോ പെട്ടെന്നുള്ളതോ അസ്വാഭാവികമോ ആയ മരണം സംഭവിക്കുകയോ സംശയാസ്പദമായ സാഹചര്യത്തിൽ മരണം സംഭവിക്കുകയോ അല്ലെങ്കിൽ ഒരു ഗ്രാമത്തിലോ സമീപത്തോ ഏതെങ്കിലും മൃതദേഹമോ മൃതദേഹത്തിന്റെ ഭാഗമോ കണ്ടെത്തുകയോ ചെയ്യുക.
(A) x മാത്രം

(B) y മാത്രം

(C) x, y

(D) അറിയിക്കേണ്ടതില്ല

- വിനു കാരണം അരുൺ ഒരു കെട്ടിടത്തിനുള്ളിൽ എത്തുകയും അരുണിന് യാതൊരുവിധത്തിലും പുറത്തു കടക്കാൻ ആവാത്ത വിധത്തിൽ കെട്ടിടം പൂട്ടുകയും ചെയ്യുന്നു. താഴെ തന്നിരിക്കുന്നവയിൽ

നിന്ന തെറ്റായ പ്രസ്താവനകൾ കണ്ടെത്തുക

i. വിനു അരുണിനെ അന്യായമായി തടസ്സപ്പെടുത്തുന്നു
ii. വിനു അരുണിനെ അന്യായമായി തടഞ്ഞു വയ്ക്കുന്നു
iii. വിനു അരുണിന്റെ യാത്ര പരിമിതപ്പെടുത്തുന്നു
iv. വിനു അരുണിനെ നിയന്ത്രണപ്പെടുത്തുന്നു

- ആശ തന്റെ സുഹൃത്തായ ദിവ്യയുടെ മൊബൈൽ ഫോൺ തന്റേതാണെന്ന് ധാരണയിൽ ദിവ്യയുടെ കൈവശത്തിൽ നിന്ന് എടുക്കുകയും എന്നാൽ അത് തന്റേതല്ല എന്ന ബോധ്യത്തോടെ സ്വന്തം ആവശ്യത്തിന് ആശ ഉപയോഗിക്കുകയും ചെയ്യുന്നു താഴെപ്പറയുന്നവയിൽ ശരിയായ പ്രസ്താവനകൾ ഏത്?

i. ആശ മോഷണം നടത്തിയിരിക്കുന്നു
ii. ആശ കുറ്റകരമായ വിശ്വാസലംഘനം നടത്തിയിരിക്കുന്നു
iii. ആശ നേരുകേടായ ദുർവിനിയോഗത്തിന് ശിക്ഷിക്കപ്പെടും
iv. None of these.

- X തന്റെ പ്രണയം നിരസിച്ചതിന് Y യുടെ മുഖത്തേക്ക് വീര്യം കൂടിയ ആസിഡ് എറിയുന്നു തന്നിരിക്കുന്ന പ്രസ്താവനകളിൽ ശരിയാവ തിരഞ്ഞെടുക്കുക

i. X ന്കുറഞ്ഞത് അഞ്ച് വർഷം തടവ് ലഭിക്കും
ii. X, Y യോട് കഠിനമായ ദേഹോപദ്രവം ഏൽപ്പിക്കുന്നു.
iii. X, Y യോട് സേച്ഛയാ കഠിനമായ ദേഹോപദ്രവം ഏൽപ്പിക്കുന്നു
iv. മേൽപ്പറഞ്ഞവ എല്ലാം ശരിയാണ്.

i. ഭയപ്പെടുത്തിയുള്ള അപഹരണത്തിൽ ജംഗമ വസ്തുക്കൾ മാത്രമേ ഉൾപെടു.

ii. ഭയപ്പെടുത്തിയുള്ള അപഹരണത്തെക്കുറിച്ച് പ്രതിപാദിക്കുന്ന

BNS ലെ സെക്ഷൻ 308 ആണ്

iii. സ്ഥാവര ജംഗമ വസ്തുക്കൾ ഭയപ്പെടുത്തിയുള്ള അപഹരണത്തിലൂടെ ഒരാൾക്ക് സ്വന്തമാക്കാം

ഈ പ്രസ്താവനകളിൽ ശരിയായ കണ്ടെത്തുക?

a i,ii ശരി b എല്ലാം ശരി

c i, iii ശരി d ii, iii ശരി

- A എന്ന സർജൻ സദുദ്ദേശത്തോടെ തന്റെ രോഗിയോട് പറഞ്ഞു താങ്കൾ ഇനി ജീവിച്ചിരിക്കാനുള്ള സാധ്യത കുറവാണ് രോഗി ആ ഞെട്ടലിൽ മരണമടയുകയും ചെയ്തു എങ്കിൽ

A. A തെറ്റുകാരനാണ് കാരണം അദ്ദേഹം പ്രസ്തുത സംഭാഷണം ഒഴിവാക്കണമായിരുന്നു

B. തെറ്റുകാരനല്ല കാരണം അദ്ദേഹം തന്റെ കടമ ശരിയായ വിധം ചെയ്തു

C. A തെറ്റുകാരനല്ല കാരണം അദ്ദേഹം രോഗിക്ക് യാതൊരുവിധ തെറ്റായ പ്രതീക്ഷകളും നൽകിയില്ല

D. B & C

- Z മായി സൗഹൃദത്തിലുള്ള A എന്നയാൾ Zന്റെ അഭാവത്തിൽ Z ന്റെ ലൈബ്രറിയിൽ പോവുകയും അനുവാദമില്ലാതെ ഒരു പുസ്തകം എടുക്കുകയും തന്റെ സ്വന്തം ലാഭത്തിനായി ആ പുസ്തകം വിൽക്കുകയും ചെയ്യുന്നു എങ്കിൽ

A. A മോഷണം നടത്തിയിരിക്കുന്നു

B. A വഞ്ചന നടത്തിയിരിക്കുന്നു

C. A കുറ്റകരമായ വിശ്വാസവഞ്ചന നടത്തിയിരിക്കുന്നു

D. A വസ്തുവിന്റെ കുറ്റകരമായ ദുരുപയോഗം നടത്തിയിരിക്കുന്നു.

- ഒരാളുടെ കേൾവി ശക്തി ആക്രമണത്തിലൂടെ സ്ഥിരമായി ഇല്ലാതാകുന്നത് എന്തിന്റെ നിർവചനത്തിൽ പെടുന്നു?

  i. പ്രകോപനത്തിന്മേൽ മുറിവേൽപ്പിക്കുന്നു
  ii . കൊലപാതകശ്രമം
  iii. കഠിനമായ ദേഹോപദ്രവം
  iv .വിഷ വസ്തുക്കൾ ഉപയോഗിച്ച് മുറിവേൽപ്പിക്കുന്നു

  a i, iii b iii, iv

  c i, ii d iii മാത്രം

- Xന്റെ ഉപേക്ഷാപരമായ ഡ്രൈവിങ്ങിനാൽ Y മരണപ്പെടുകയും സംഭവത്തെ പറ്റി ഉടനെ തന്നെ പോലീസ് ഓഫീസറെയോ മജിസ്ട്രേറ്റിനെയോ റിപ്പോർട്ട് ചെയ്യാതെ X രക്ഷപ്പെട്ടാൽ അയാൾക്ക് ലഭിക്കാവുന്ന പരമാവധി ശിക്ഷ എന്താണ്?
  i) X ന് ഏഴ് വർഷം വരെ തടവോ പിഴയോ /രണ്ടും കൂടിയോ
  ii) അഞ്ചുവർഷം വരെ തടവോ പിഴയോ/ രണ്ടും കൂടിയോ
  iii) 10 വർഷം വരെ ആവുന്ന തടവോ പിഴയോ രണ്ടും കൂടിയോ
  iv) ഇവയൊന്നുമല്ല.

- i) സ്ത്രീധന മരണത്തിന് കാരണമാകുന്ന ഏതൊരാൾക്കും ജീവപര്യന്തം വരെ ശിക്ഷ ലഭിക്കാൻ കാരണമാകുന്നു.
  ii) സ്ത്രീധന മരണം പ്രതിപാദിക്കുന്ന BNS സെക്ഷൻ 80.
  iii) ഭർത്താവോ ഭാര്യയോ ജീവിച്ചിരിക്കുന്ന കാലത്ത് വീണ്ടും വിവാഹം കഴിക്കുന്ന സാഹചര്യം വകുപ്പ് 80 പ്രതിപാദിക്കുന്നു.

iv) ഒരു സ്ത്രീയുടെ ഭർത്താവോ ബന്ധുവോ അവളെ ക്രൂരതയ്ക്ക് വിധേയമാക്കുന്നതുമായി ബന്ധപ്പെട്ട പ്രതിപാദിക്കുന്ന സെക്ഷൻ 85.

മുകളിൽ പറഞ്ഞ പ്രസ്താവന പരിശോധിക്കുക

A ii, iv ശരി
B എല്ലാം ശരി
C i,ii iv ശരി
D i, iii, iv ശരി

**THANK YOU**